

# കർമലീത്തർ ചെയ്തത്

ഫാ. ഓസി കളത്തിൽ ഒ.സി.ഡി.

അക്ഷരമെന്ന പദത്തിന് നിഘണ്ടു കൊടുക്കുന്ന ഭിന്നാർഥങ്ങൾ, നാശമില്ലാത്തത്, ഓംകാരം, പരബ്രഹ്മം, മോക്ഷം, മൂലപ്രകൃതി, ആകാശം, യാഗം, തപസ്സ്, പ്രമാണം എന്നൊക്കെയാണ്. അന്ന് കേരളത്തിൽ മിഷണറിമാർ വന്നു കൊളുത്തിയത് വെളിച്ചത്തിന്റെ അക്ഷരമോക്ഷമായിരുന്നു.

കേരളത്തിലെ അധ:കൃതവർഗങ്ങളുടെ സമുദ്ധാരണത്തിന് ക്രിസ്ത്യൻ മിഷണറിമാരെപ്പോലെ മറ്റൊരു വിഭാഗം ജനസേവകരും ഇവിടെ പ്രവർത്തിച്ചിട്ടില്ല. സവർണാധിപത്യം ശക്തമായി നിലനിന്നിരുന്ന തിരുവിതാംകൂറിൽ 1901-ൽ ഒരു ബ്രാഹ്മണോദ്യോഗസ്ഥ പ്രമുഖൻ തയ്യാറാക്കിയ സെൻസസ് റിപ്പോർട്ടിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്; "അപകർഷത്തിന്റെയും അധ:സ്ഥിതിയുടെയും അഗാധങ്ങളിൽ നിന്ന് അവർണരെ ഉദ്ധരിക്കുക എന്നത് പുരാതനഭാരതത്തിൽ അജ്ഞാതമായൊരു ധീരകൃത്യമായിരുന്നു. എന്നാൽ ക്രിസ്ത്യൻ മിഷണറിമാരുടെ വിദ്യാഭ്യാസപരമായ പ്രവർത്തനം തികച്ചും നവീനമായൊരു പ്രതിഭാസമാണ്. ഇവരുടെ വിദ്യാദാനമില്ലായിരുന്നെങ്കിൽ ഈ അധ:സ്ഥിതരുടെ ജീവിതമിപ്പോഴും ദുരിതപൂർണമായ സ്ഥിതിയിലായിരുന്നേനേ".
(Modern India and the Inest, by . L. S. S. O. Malley)

ഇന്ത്യയിലെ സാമൂഹികരംഗത്തും വിദ്യാഭ്യാസരംഗത്തും ഉദ്ഘാടനം ചെയ്യപ്പെട്ട ഈ കൂട്ടായ പ്രവർത്തനമാതൃകയാണ് ദേശീയ

പുനരുത്ഥാനപ്രവർത്തനങ്ങൾക്കുതന്നെ മാർഗദർശനം നല്കിയതെന്ന് വിദഗ്ധർ വിലയിരുത്തിയിട്ടുണ്ട്.

1659-ൽ സ്ഥാപിതമായ മലബാർ വികാരിയാത്ത് 1845-ൽ വിഭജിച്ച് മംഗലാപുരം, വരാപ്പുഴ, കൊല്ലം എന്നിങ്ങനെ മൂന്നു വികാരിയാത്തുകളാക്കി. മൂന്നിലും കർമലീത്താസഭാംഗങ്ങൾ തന്നെയായിരുന്നു സാരഥികൾ. മഹാപ്രതിഭാശാലിയായ ഡോ. ബെർണഡിൻ ബച്ചിനെല്ലി വരാപ്പുഴ വികാരിയാത്തിന്റെ മെത്രാനായി അജപാലനശുശ്രൂഷ ഏറ്റെടുത്തപ്പോൾ, തന്റെ ജനത്തിന്റെ ആത്മീയവും ഭൗതികവും സാംസ്കാരികവുമായ പുരോഗതിക്ക് വിദ്യാലയങ്ങൾ സ്ഥാപിക്കേണ്ടത് ആവശ്യമാണെന്നു മനസ്സിലാക്കി. അതിനുവേണ്ടി പള്ളികളോടൊപ്പം പള്ളിക്കൂടങ്ങളും സ്ഥാപിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഇടയലേഖനത്തിലൂടെ കല്പന പുറപ്പെടുവിച്ചു.

വിജ്ഞാനവിതരണത്തിലൂടെ ഈ ക്രാന്തദർശി കൺമുന്നിൽകണ്ടത്, ക്രൈസ്തവരുടെയിടയിൽ നടമാടിയിരുന്ന അന്ധവിശ്വാസങ്ങൾ ഉന്മൂലനം ചെയ്ത്, ഉത്തമ വിശ്വാസത്തിൽ ഉറപ്പിക്കുകയായിരുന്നു. കത്തോലിക്കാ സ്കൂളുകളിൽ ജാതിമതഭേദമെന്യേ എല്ലാവർക്കും വിദ്യാഭ്യാസം നല്കാൻ സൗകര്യമേർപ്പെടുത്തി. അങ്ങനെ ഇടവകതോറും സ്ഥാപിക്കപ്പെട്ട പ്രാഥമിക വിദ്യാലയങ്ങൾ നാട്ടിൽ അക്ഷരവെട്ടം തെളിക്കുന്നതിന് പര്യാപ്തമായി. എല്ലാ ഇടവകകളിലും വേദപഠനം നിർബന്ധമാക്കി. 19-ാം നൂറ്റാണ്ടിൽ കേരളം ദർശിച്ച അഭൂതപൂർവകമായ വിദ്യാഭ്യാസനവോത്ഥാനത്തിന്റെ രാജശില്പി ഡോ. ബർണീഡിൻ ബച്ചിനെല്ലി എന്ന കർമലീത്താ സന്ന്യാസി മിഷണറിയായിരുന്നുവെന്ന് നിസ്സംശയം പറയാം.

മലബാറിലെ വൈദികാർഥികളുടെ പഠനപരിശീലനങ്ങൾ കാലാനുസൃതം പരിഷ്കരിക്കാൻ ബച്ചിനെല്ലിപിതാവ് പരിശ്രമിച്ചു. കാരണം, അത്യന്തം ശോചനീയമായിരുന്നു അന്ന് വൈദികാർഥികളുടെ പരിശീലനം. സുറിയാനി ഭാഷയിൽ മാത്രം പിടിപാടുള്ള ഏതാനും പ്രായമായ വൈദികരോടൊപ്പം താമസിച്ച് തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുകയെന്ന സാഹസമാണ് അന്നവിടെ ഉണ്ടായിരുന്നത്! അതാണ് 'മല്പാനേറ്റ് സമ്പ്രദായം'. വിശ്വാസിസമൂഹത്തിന്റെ ആത്മീയാവശ്യങ്ങളുടെ നിർവഹണത്തിന് ഒട്ടും പര്യാപ്തമായിരുന്നില്ല ഈ അശാസ്ത്രീയപദ്ധതികൾ. ഉദയംപേരൂർ സൂഹദോസുകാലത്തു തന്നെ (1599) അത് മാറ്റാനുള്ള സംവിധാനങ്ങൾ തുടങ്ങിയിരുന്നെങ്കിലും സെമിനാരി സമ്പ്രദായം അന്നും അത്രയൊന്നും പുഷ്കലമായിരുന്നില്ല. അതുകൊണ്ട് ഉത്തമവൈദികരെ കിട്ടത്തക്കവിധം ഒന്നാംതരം വൈദിക കലാലയങ്ങൾ സ്ഥാപിക്കാനാണ് ബച്ചിനെല്ലി പിതാവ് ആദ്യം പരിശ്രമിച്ചത്. വൈദികർ വിജ്ഞാനികളും വിശുദ്ധരുമായാൽ കാര്യങ്ങൾ എളുപ്പത്തിലും വേഗത്തിലും നടക്കുമെന്ന് അദ്ദേഹം വിശ്വസിച്ചു.

വരാപ്പുഴയിൽ ഒരു സന്ന്യാസിനീസമൂഹത്തിനായി ബച്ചിനെച്ചിപിതാവ് ഒരു കെട്ടിടം പണിതു. അപ്പോഴത്തെ പ്രത്യേക ആവശ്യം മനസ്സിലാക്കി പിതാവ് അത് ഒരു സെമിനാരിയാക്കി മാറ്റി സ്ഥാപിച്ചു. ക്രമബദ്ധമായ ഒരു വൈദിക പരിശീലനം അതിലൂടെ നല്കി. അന്ന് റീത്ത് വ്യത്യാസങ്ങൾ ഒന്നുമില്ലായിരുന്നു. പിന്നീട് കുറച്ചുകൂടി വലിയ കെട്ടിടം പണിത് സെമിനാരി പുത്തൻപള്ളിയിലേക്ക് മാറ്റി. 1866 ഓഗസ്റ്റ് 15-ാം തീയതി സ്ഥാപിച്ച ഈ വൈദിക കലാലയത്തിന്റെ രാജശില്പി അഭിവന്ദ്യ ബെർണഡിൻ ബച്ചിനെല്ലി എന്ന കർമലീത്താ സന്ന്യാസി വൈദികൻ തന്നെയായിരുന്നു.

ദൈവകൃപയാൽ അനവധി ദൈവവിളികളുണ്ടായി. പുത്തൻപള്ളിയിൽ നിന്ന് സെമിനാരി ആലുവ മംഗലപ്പുഴ കുന്നിലേക്ക് മാറ്റി. റീത്ത് വ്യത്യാസം കൂടാതെ കേരളത്തിലെ എല്ലാ രൂപതകളിലും നിന്ന് വൈദികാർഥികൾ ഇവിടെ പഠനം നടത്തി. എണ്ണം കൊണ്ട് ലോകത്തിലെ തന്നെ ഏറ്റവും വലിയ സെമിനാരിയായി മംഗലപ്പുഴ സെമിനാരി അറിയപ്പെട്ടു. മോൺ. വിക്ടർ സാൻ മിഗ്വേൽ ഒസിഡി ആയിരുന്നു സെമിനാരിയുടെ നിർമാണത്തിന്റെ മുഴുവൻ ചുമതലക്കാരനും. അതിന്റെ ബ്രഹ്മാണ്ഡമായ കരിങ്കൽ നിർമിതി, അതിമനോഹരമായ ചാപ്പൽ, അതിനുള്ളിലെ വിദേശനിർമിതമായ രൂപങ്ങൾ ഇവയൊക്കെ ഇന്നും അതിശയത്തോടെയേ നോക്കിക്കാണാനാവൂ. കേരളത്തിൽ ആദ്യമായി ജനാലകൾക്ക് സ്റ്റെയിൻഡ് ഗ്ലാസ് ഉപയോഗിച്ചത് മംഗലപ്പുഴ സെമിനാരി ചാപ്പലിലാണ്. ഇതിന്റെ വളർച്ചയുടെ ഭാഗമായാണ് കാർമൽഗിരി സെമിനാരി ഉണ്ടായത്. ത്യാഗോജ്ജ്വലമായ സമർപ്പണജീവിതം കാഴ്ചവച്ച അനവധി വിദേശ കർമലീത്താ മിഷണറി

മാരുടെ സ്വപ്നമാണ് മംഗലപ്പുഴ-കാർമൽഗിരി സെമിനാരികൾ. റീത്തുവ്യത്യാസമൊന്നും കൂടാതെ അവർ കേരളത്തിന്റെ വൈദികയശസ്സ് ഉയർത്തിപ്പിച്ചു. വിജ്ഞാനികളും വിശുദ്ധരുമായ വൈദികരെ വാർത്തെടുക്കാൻ ശ്രമിച്ചു.

മഹാനുഭാവന്മാരായ നിരവധി കർമലീത്താ മിഷണറിമാരെ ഓർക്കാൻ ഈ വൈദികവിദ്യാപീഠം അനുവദിക്കുന്നു. ധന്യരായ ഔറേലിയനച്ചൻ, സക്കറിയാസച്ചൻ, കമില്ലസച്ചൻ, ബോനിഫസച്ചൻ, പൊലിക്കാർപ്പച്ചൻ മുതൽ ഡോമിനിക് ഫെർണാണ്ടസച്ചൻ വരെയുള്ളവരുടെ പുണ്യസാന്നിധ്യം. ഇതിനൊക്കെ പുറമേയാണ്. മംഗലപ്പുഴ മാതൃകയിൽ കോട്ടയം വടവാതൂരിൽ മോൺ. വിക്ടർ സാൻ മിഗേൽ ഒസിഡി തന്നെ പടുത്തുയർത്തിയതാണ് സെന്റ് തോമസ് സെമിനാരി. അങ്ങനെ വൈദിക വിദ്യാഭ്യാസരംഗം സമഗ്രമാകുന്നത് മിഷണറിമാരുടെ ശ്രമഫലമായാണ്.

ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സന്ന്യാസിനീസമൂഹം കൂനമ്മാവിൽ സ്ഥാപിച്ചത് ബച്ചിനെല്ലി മെത്രാപ്പോലീത്ത തന്നെയാണ്. കൂനമ്മാവ് പള്ളിക്കടുത്ത് പനമ്പുമഠത്തിൽ 1866 ഫെബ്രുവരി 13-ാം തീയതി തുടക്കമിട്ട തെരേസ്യൻ കർമലീത്താസന്ന്യാസിനീസമൂഹത്തിന് കർമപദ്ധതികൾ നിർണയിച്ചു നല്കുന്നതും ഔപചാരികമായ സ്ത്രീവിദ്യാഭ്യാസം ആരംഭിക്കുന്നതും അദ്ദേഹം തന്നെ. ജാതിഭേദം നോക്കാതെ സമസ്തജനങ്ങൾക്കും വിദ്യാദാനം നല്കിയെന്നതും സ്ത്രീജനവിദ്യാഭ്യാസത്തിന് പ്രാധാന്യം നല്കിയെന്നതുമാണ് ഈ മെത്രാപ്പോലീത്തയെ അനശ്വരനാക്കുന്നത്. ആ വഴിയിൽ കർമധീരതയോടെ പ്രവർത്തിച്ച മദർ ഏലീശ്വയുടെ പുണ്യസാന്നിധ്യം അവിസ്മരണീയം തന്നെ.

സ്ത്രീയാണ് വീടിന്റെ വിളക്ക് എന്ന് ബെർണഡിൻ പിതാവ് വിശ്വസിച്ചു. അവർക്ക് വിദ്യ ലഭിച്ചാൽ വീട് വെളിച്ചത്തിലാകുമെന്നും അദ്ദേഹം മനസ്സിലാക്കി. കാലത്തിനുമുമ്പേ പറന്ന ഈ മഹാനുഭാവൻ 1868 സെപ്തംബർ 5-ാം തീയതി ദിവംഗതനായി.

വരാപ്പുഴ അതിരൂപതയായപ്പോൾ അതിന്റെ പ്രഥമ സാരഥിയായി 1886-ൽ ഡോ. ലെയൊനാർഡ് മെല്ലാനോ നിയമിതനായി. വിദ്യാഭ്യാസത്തിൽ മുൻഗാമിയുടെ പാതതന്നെയാണ് വിശ്വസ്തതയോടെ അദ്ദേഹവും തുടർന്നത്. പള്ളിയോടൊപ്പം പള്ളിക്കൂടം എന്ന ആശയം ഒരാദർശത്തിന്റെ അനുഷ്ഠാനം തന്നെയായിരുന്നു അദ്ദേഹത്തിനും. കാലഘട്ടം ആവശ്യപ്പെടുന്ന രീതിയിൽ സഹവിദ്യാഭ്യാസം ആരംഭിക്കാൻ തീരുമാനിച്ചത് മെല്ലാനോപിതാവാണ്. കന്യാസ്ത്രീകൾ നടത്തിയിരുന്ന വിദ്യാലയങ്ങളിൽ പെൺ പൈതങ്ങൾക്കു മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളൂ. എന്നാൽ ആൺ-പെൺ ഭേദമില്ലാതെ വിദ്യാഭ്യാസമാവാമെന്ന സാഹസിക നിലപാടെടുക്കാൻ മെല്ലാനോ തിരുമേനി മടിച്ചില്ല. പള്ളിസ്കൂളുകളിൽ സംസ്കൃതം പഠിപ്പിക്കുന്നതിന് അദ്ദേഹം അനുമതി നല്കി. അദ്ദേഹത്തിന്റെ കാലത്ത് എലിമെന്ററി സ്കൂളുകളുടെ എണ്ണം 300-ൽ നിന്ന് 600 ആയി കുതിച്ചുയർന്നു.

കേരളത്തിൽ സവർണനും അവർണനുമൊപ്പം അധഃകൃതനും അക്ഷരം പ്രാപ്യമാക്കിയതിന്റെ ബഹുമതി മിഷണറിമാർക്കും മെല്ലാനോ മെത്രാപ്പോലീത്തയ്ക്കുമത്രേ. ജാതി വ്യത്യാസം മറന്ന് മനുഷ്യരെ സമന്മാരായി കണ്ട് അക്ഷരവെളിച്ചം നല്കിയെന്നത് മെല്ലാനോയെ അമരനാക്കുന്ന ഘടകമാണ്. മേല്ജാതിക്കാർക്കൊപ്പം അധഃസ്ഥിതനും ഒരേ ബെഞ്ചിലിരിക്കാനും പഠിക്കാനും അവസരം കിട്ടിയെന്നത് അക്കാലത്തെ കേരളചരിത്രം അറിയാവുന്നവർക്ക് പുളകം സമ്മാനിക്കുന്ന കാര്യമാണ്.

എറണാകുളത്ത് ഡോ. ലെയോനാർഡ് മെല്ലാനോയുടെ ശ്രമഫലമായി ഫാ. കാന്തിദൂസ് ഒസിഡിയുടെ നേതൃത്വത്തിൽ സെന്റ് ആൽബർട്സ് ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചത് വിദ്യാഭ്യാസരംഗത്തെ സുപ്രധാനസംഭവമാ



ണ്. സ്ത്രീകൾ എല്ലാവിധത്തിലും ശക്തിമത്ക രിക്കപ്പെടണമെന്ന് അമ്മത്രേസ്യയുടെ സഹോ ദരിമാരുടെ സഭ (സിഎസ്എസ്ടി) അന്ന് ആഗ്ര ഹിച്ചു. പെൺകുട്ടികൾക്ക് ഇംഗ്ലീഷിലും മലയാ ളത്തിലും ഒന്നുപോലെ ഉന്നത വിദ്യാഭ്യാസം നല്കാനും ഉന്നതമായ നിലവാരം പുലർത്താ നും അവർക്കു സാധിച്ചു.

1892-ൽ ആൺകുട്ടികൾക്കായി എറണാകു ളത്ത് ഇംഗ്ലീഷ് മീഡിയത്തിൽ ലോവർ സെക്കന്ററി സ്കൂൾ ആരംഭിച്ചു. 1898-ൽ അത് ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. പിന്നീടത് എറണാകുളം മേഖലയിലെ വിദ്യാഭ്യാസ സംസ്കാരിക കേന്ദ്രമായി വളർന്നു പന്തലിച്ചു.
ഡോ. മെല്ലാനോയ്ക്കു ശേഷം സംഭവിച്ച ഒരു വിദ്യാഭ്യാസ മരവിപ്പ് വിസ്മരിച്ചാൽ, അത് ഈ ലേഖനത്തിന്റെ കുറവായി മാറും. മെല്ലാനോ തിരുമേനിയെ പിൻതുടർന്ന് വരാപ്പുഴ അതിരൂ പതയുടെ അധ്യക്ഷനായി വന്നത് ഡോ. ബെർ ണാഡ് മെത്രാപ്പോലീത്ത ആയിരുന്നു. കത്തോ ലിക്കാവിദ്യാലയങ്ങളിൽ വേദോപദേശം നിർബന്ധമാക്കി. അത് തങ്ങളുടെ ധാർമിക അവകാശമാണെന്ന് അദ്ദേഹം ശക്തിയുക്തം വാദിച്ചു. അതെക്കുറിച്ചുള്ള ഉത്തരവ് വലിയ കോളിളക്കം തന്നെ ഉണ്ടാക്കി.

ബ്രിട്ടീഷുകാരുടെ വരവോടെ ഇവിടെ ഇംഗ്ലീഷ് വിദ്യാഭ്യാസം വന്നു. എന്നാൽ കത്തോലിക്ക രായ വിദ്യാർഥികൾ അകത്തോലിക്കാ വിദ്യാല യങ്ങളിൽ പഠിക്കാൻ മെത്രാപ്പോലീത്ത തന്റെ അതിരൂപതാ മക്കളെ അനുവദിച്ചില്ല. സദുദ്ദേ ശ്യത്തോടെയാണ് അദ്ദേഹമതു ചെയ്തത്. കത്തോലിക്കാ വിശ്വാസം ഹനിക്കപ്പെടുമെന്ന കാരണമാണ് അന്ന് അദ്ദേഹം അവലംബിച്ചത്. വിശ്വാസവിഷയത്തിൽ ഇനിയും ശൈശവം പിന്നിടാത്ത കത്തോലിക്കരിൽ പ്രൊട്ടസ്റ്റൻഡ് ആശയങ്ങൾ സ്വാധീനം ചെലുത്താൻ ഇംഗ്ലീഷ് പഠനം വഴിവച്ചാലോ എന്ന് മിഷണറിമാർ സ്വാഭാവികമായും ഭയന്നു. പാഷണ്ഡതകളെ യൊക്കെ സഭ അതിജീവിച്ചുവരുന്നതേ ഉണ്ടാ യിരുന്നുള്ളൂ. പക്ഷേ, തന്റെ അജഗണത്തെ സുരക്ഷിതആലയത്തിൽ സൂക്ഷിക്കാനുള്ള ആത്മാർഥമായ പരിശ്രമങ്ങൾ ദോഷകരമായി പരിണമിച്ചു. വേണമെങ്കിൽ പുറത്തുപോയി പഠിക്കാം. എന്നത് സമുദായത്തിലെ ഭൂരിഭാഗം വിദ്യാർഥികൾക്കും വിദൂര സ്വപ്നമായി നിന്നു അതുവഴി കേരളത്തിലെ ലത്തീൻസമുദായം മൊത്തത്തിൽ വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ പിന്നാക്കക്കാരായി മാറി. ചുറ്റു മുള്ള ഭിന്നവിഭാഗങ്ങളിൽപ്പെട്ടവർ ഉന്നത ഉദ്യോഗങ്ങൾ കരസ്ഥമാക്കുകയും സാമ്പ ത്തിക ഉന്നതി നേടുകയും ചെയ്തപ്പോൾ, ലത്തീൻ സമുദായാംഗങ്ങൾ സർക്കാർജോലി കളൊന്നും ലഭിക്കാതെ, വെറും നിർമാണ ത്തൊഴിലാളികളും മത്സ്യബന്ധനക്കാരും മറ്റു മായി കഴിയേണ്ടിവന്നത് തികഞ്ഞ ഖേദത്തോടെ തന്നെ ഓർക്കുന്നു.

ഡോ. എയ്ഞ്ചൽ മേരിയുടെ കാലത്ത് വിദ്യാ ഭ്യാസരംഗം വീണ്ടും പുഷ്കലമായി. എങ്ങും ഉണർവും വികാസവും ദൃശ്യമായി. സമർഥ രായ വൈദികാർഥികളെയും വൈദികരെയും ഉപരിപഠനത്തിനയച്ചു. പ്രഗല്ഭമായ ഒരു വൈദിക സമൂഹം ആവശ്യമെന്ന് അദ്ദേഹം മന സ്സിലാക്കി പ്രവർത്തിച്ചു. എയ്ഞ്ചൽമേരി പിതാ വിന്റെ കാലത്ത് 4 ഹൈസ്കൂളുകളും 93 പ്രൈ മറി സ്കൂളുകളും സ്ഥാപിക്കപ്പെട്ടു എന്നാണ് കണക്ക്. സെന്റ് തെരേസാസ് സ്കൂൾ ഒരു കോളെജായി ഉയർത്തപ്പെട്ടതും തൃശൂർ, ആലു വ, ഗോതുരുത്ത്, വരാപ്പുഴ, ഓച്ചംതുരുത്ത്, ചാത്യാത്ത്, കൂനമ്മാവ്, ചേരാനല്ലൂർ എന്നിവിട ങ്ങളിൽ ഹൈസ്കൂളുകൾ പ്രവർത്തനമാരംഭി ച്ചതും ഇക്കാലയളവിൽത്തന്നെ.

വിദ്യാഭ്യാസത്തോടൊപ്പം സാംസ്കാരികവും സാഹിത്യപരവുമായ കാര്യങ്ങളും മിഷണറി മാർ ശ്രദ്ധിച്ചിരുന്നു. 1700 കാലയളവിൽ മലയാ ളഭാഷയിലൂടെ മതബോധനം നടത്താൻ അവർ ശ്രമിച്ചു. അവർ മലയാള ഭാഷ പഠിച്ചു. ആ ഭാഷയ്ക്ക് അവർ നിഘണ്ടുവും ശബ്ദകോ ശവുമുണ്ടാക്കി; ഭാഷയ്ക്ക് നട്ടെല്ലായ വ്യാകര ണമെഴുതി. അതിൽ ഒരിക്കലും വിസ്മരിക്കാ നാവാത്ത നാമവും വ്യക്തിയും ആഞ്ചലോ ഫ്രാൻസിസ് പിതാവാണ്.

വിദേശഭാഷയെപ്പോലെ ശാസ്ത്രീയമായി മല യാളം പഠിക്കാനുള്ള പ്രേരണയായിരുന്നു ഇതിന്റെ പിന്നിൽ. അതോടെ ഭാഷ വളർന്നു. പിന്നെ അവരുടെ ശ്രദ്ധ അച്ചടിയിലേക്ക് തിരി ഞ്ഞു. ആത്മീയ ഗ്രന്ഥങ്ങൾ അവർ അച്ചടിച്ചു. 1772-ൽ ഫാ. ക്ലെമെന്റ് പിയാനിയൂസിന്റെ കത്തോലിക്കാ മതതത്ത്വസാരം 'സംക്ഷേപ വേദാർഥം' എന്ന പേരിൽ, സമ്പൂർണ മലയാള ത്തിൽ ആദ്യമായി അച്ചടിച്ചു. റോമിലാണ് അതച്ചടിച്ചത്. അതുവഴി കത്തോലിക്കാ വിശ്വാസ ശാസ്ത്രം മലയാളത്തിൽ ആദ്യമായി അച്ചടിച്ചു കിട്ടി.

അച്ചടി രംഗം പിന്നെയും വളർന്നു. വൃത്താന്ത പത്രപ്രവർത്തനം ആരംഭിച്ചു. 1876-ൽ കൂനമ്മാവിലാണ് 'സത്യനാദ കാഹളം' തുടങ്ങുന്നത്. അതിന്റെ ആദ്യത്തെ പത്രാധിപർ ഒരു മലയാളി ആയിരുന്നു. കർമലീത്താസന്ന്യാസിയായിരുന്ന ബഹു. ലൂയിസ് വെപ്പിശേരിയച്ചൻ. പിന്നീടത് സത്യനാദം എന്നായി ചുരുങ്ങി. കുറെക്കാലത്തിനുശേഷം അത് കേരള ടൈംസ് ആയി. എന്നാൽ പലകാരണങ്ങളാലും ഈ പത്രം നിന്നുപോയി. സത്യനാദകാഹളത്തിനുശേഷമാണ് മലയാള മനോരമയും ദീപികയുമൊക്കെ വരുന്നത് എന്നോർക്കണം.

സാംസ്കാരിക കലാരംഗങ്ങളും ഈ മിഷണറിമാർക്ക് താത്പര്യമുള്ള വിഷയങ്ങളായിരുന്നു. ഹൈന്ദവ സഹോദരങ്ങളുടെ സന്ധ്യാസമയ കീർത്തനത്തെ ഓർമിപ്പിക്കുംവിധം ക്രൈസ്തവർക്ക് വലിയനോമ്പുകാലത്ത് ധ്യാനിച്ചാലപിക്കാൻ പുത്തൻപാന രചിച്ചു. നോമ്പിലെ നൊമ്പരവും കുരിശിലെ ത്യാഗവും ദാരുണമായ മരണവുമൊക്കെ ഹൃദയസ്പർശിയായി, ചലിക്കുന്ന ചിത്രംപോലെ വരുച്ചുവച്ച കൃതിയാണ് പുത്തൻപാന. ക്ഷേത്രപരിസരവുമായി ബന്ധപ്പെട്ട ഒരു സാമൂഹിക ഏകീഭാവം രൂപപ്പെടുത്താൻ ഹൈന്ദവ സഹോദരങ്ങളെ ഈ വിശാലമനസ്കർ സഹായിച്ചിട്ടുണ്ട്. അതെക്കുറിച്ച് അറിവുള്ളവർ ഇന്നും നന്ദി സ്നേഹത്തോടെ അത് അനുസ്മരിക്കുന്നുണ്ട്. ഇതിനു സമാന്തരമായി പള്ളിയോടനുബന്ധിച്ച് ക്രൈസ്തവേതിവൃത്തങ്ങൾ കലാരൂപങ്ങളിലൂടെ അവതരിപ്പിക്കുന്നതിനെയും മഹാമനസ്കരായ മിഷണറിമാർ പ്രോത്സാഹിപ്പിച്ചു. അങ്ങനെയാണ് ദേവാസ്തുവിളിയും ചവിട്ടുനാടകവും പോലുള്ള ക്രൈസ്തവ കലാരൂപങ്ങൾ പുഷ്ടിപ്രാപിച്ചത്. ഇന്നാട്ടുകാരായ പല എഴുത്തുകാർക്കും അഭിനേതാക്കൾക്കും ഈ കലാരൂപങ്ങളിലൂടെ വളരാൻ ഇടംകിട്ടി. ചവിട്ടുനാടകരചനയിലൂടെയാണ് മലയാള നാടകരചനാ കുലപതിയായി ചെല്ലാനം വി.എസ്. ആൻഡ്രൂസ് മാസ്റ്റർതുടങ്ങിയവർ കയറിവന്നത്.

വിദ്യാഭ്യാസത്തിലൂടെ വളർന്ന സാംസ്കാരിക കേരളം കർമലീത്താമിഷണറിമാരുടെ ത്യാഗോജ്ജ്വലവും അർപ്പണബോധമാർന്നതുമായ മനസ്സിനെ എന്നും സ്മരിക്കും. സ്വസമുദായത്തിൽ ഒതുങ്ങി നിന്നതായിരുന്നില്ല ഇവരുടെ സ്നേഹസേവനങ്ങൾ. മനുഷ്യജന്മത്തിന്റെ അന്തസ്സ് അംഗീകരിച്ചുകൊണ്ട്, താഴ്ന്ന ജാതിക്കാരെയും തിരസ്കരിക്കപ്പെട്ടവരെയും ദൈവമക്കളായി കണ്ട് സകലവിഭാഗം ജനങ്ങൾക്കും വിജ്ഞാനത്തിന്റെ വെളിച്ചം നിർലോപം നല്കി. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും നിഴലിൽനിന്ന് അക്ഷരങ്ങളുടെയും അറിവിന്റെയും ദീപ്രവെളിച്ചത്തിലേക്ക് കൊണ്ടുവരാൻ കർമലീത്താമിഷണറിമാർ നല്കിയ സംഭാവന തലമുറകൾ എന്നും നന്ദിയോടെ ഓർക്കും.

